# ഹസ്തലിഖിതവിജ്ഞാനീയം

# പ്രാധാന്യവും പ്രസക്തിയും

- ഡോ. സജിന ജി

**ഹസ്തലിഖിതം ഓർമ്മയും അടയാളവും.**

എഴുത്തിനെയും വിജ്ഞാനത്തെയും സാഹിത്യത്തെയും ഭൂതകാലത്തെയും കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളിൽ ഹസ്തലിഖിതം എന്നാൽ താളിയോലകൾ ആണ്. ഹസ്തലിഖിതം എന്ന വാക്ക് എല്ലാത്തരം കയ്യെഴുത്തുകളെയും ഉള്ളടക്കം ചെയ്യുമ്പോഴും താളിയോല എന്ന പ്രതീകത്തിലൂടെയാണ് അത് പ്രതീതമാനമാകുന്നത്. താളിയോല എന്നത് നമുക്ക് സാഹിത്യത്തിന്റെയും വിജ്ഞാനത്തിന്റെ യും വിദ്യാഭ്യാസത്തിന്റെയും അടയാളമാണ്. താളിയോല എന്ന് കേൾക്കുമ്പോൾ തന്നെ എഴുത്തുപള്ളി, എഴുത്താശാൻ, , ജാതകങ്ങൾ , സാഹിത്യ- വൈജ്ഞാനിക കൃതികൾ ,എഴുത്തച്ഛൻ തുടങ്ങി അനേകം ചിത്രങ്ങൾ നമ്മുടെ മനസ്സിലൂടെ നിരനിരയായി കടന്നുപോകാറുണ്ട്. യന്ത്രവത്കൃതമായഎഴുത്തിന്റെയും വായനയുടെയും സമകാലത്തുപോലും പ്രത്യക്ഷമായും പരോക്ഷമായും താളിയോലകൾ നമുക്ക് മുന്നിൽ അറിവടയാളങ്ങളായി പ്രത്യക്ഷപ്പെടുന്നു. ആദ്യാക്ഷരം കുറിക്കുന്ന കുഞ്ഞിന് നൽകുന്ന സമ്മാനങ്ങളുടെ കൂട്ടത്തിൽ പാരമ്പര്യരീതി പിൻതുടരുന്ന ക്ഷേത്രങ്ങൾ മാത്രമല്ല നവ സാംസ്കാരിക സ്ഥാപനങ്ങൾ പോലും എഴുത്തോലയിൽ രേഖപ്പെടുത്തിയ അക്ഷരമാലകൾ നൽകുന്നതായി

നമുക്കറിയാം. സാംസ്കാരിക സമ്മേളനങ്ങളിലും മറ്റും വിശിഷ്ടാതിഥികൾ താളിയോല മാതൃകയിൽ രൂപപ്പെടുത്തിയ പുസ്തകങ്ങളാൽ സമ്മാനിതരാകുന്നതിനും കാരണം മറ്റൊന്നല്ല. കേരളത്തിലെ ആദ്യ സർവകലാശാലയായ കേരള സർവ്വകലാശാലയുടെയും മറ്റു പല സാംസ്കാരിക സ്ഥാപനങ്ങളുടെയും ഔദ്യോഗിക മുദ്രകളിലും താളിയോലഗ്രന്ഥങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് അത് വിജ്ഞാനത്തിന്റെയും വിദ്യയുടെയും അടയാളമെന്ന പരക്കെ സമ്മതമായതുകൊണ്ടാണ്. ആയുർവേദം ജ്യോതിഷം തുടങ്ങിയ മേഖലകളിലെ പാരമ്പര്യത്തെ സൂചിപ്പിക്കാനും താളിയോല എന്ന പ്രതീകം ഇന്ന് ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. ഇങ്ങനെ എഴുത്തിനെയും അറിവിനെയും കുറിച്ചുള്ള ചിന്തകളിൽ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും മുദ്രകളായി നിലനിൽക്കുന്നുവെങ്കിലും താളിയോലകളിലും മറ്റനേകം ഹസ്തലിഖിതങ്ങളിലുമായി വ്യാപിച്ചിരിക്കുന്ന വിജ്ഞാനത്തിന്റെ വ്യത്യസ്തതലങ്ങളെ വേണ്ടവിധം തിരിച്ചറിയാനോ മനസ്സിലാക്കാനോ കേരളീയ സമൂഹത്തിന്സാധിച്ചിട്ടില്ല എന്ന വസ്തുത നമ്മൾ തിരിച്ചറിയേണ്ടതുണ്ട് ഓർമ്മയോ പ്രതീകമോ ആയി നിലനിൽക്കുന്നതിനുമപ്പുറത്തേക്ക് സാംസ്കാരികവും ചരിത്രപരവുമായ പഠന ഗവേഷണങ്ങൾക്ക് വഴി തുറക്കത്തക്ക ഈടുവയ്പുകൾ ഇനിയും നശിക്കാതെ അവശേഷിക്കുന്നു എന്ന വസ്തുത അവഗണിക്കപ്പെട്ടു കൂടാ.

### ഹസ്തലിഖിതവിജ്ഞാനീയം

കേരളത്തിന്റെ അക്കാദമിക മേഖലയിൽ താരതമ്യേന പുതിയ ഒരു അക്കാദമിക വിഷയമാണ് ഹസ്തലിഖിതവിജ്ഞാനീയം . യൂറോപ്യൻ നാടുകളിൽ ഇതിനു തുല്യമായി ഉപയോഗിക്കുന്നത് codicology എന്ന പദമാണ്. എന്നാൽ അടിസ്ഥാനപരമായി ഈ രണ്ടു പദങ്ങൾക്കും ചില വ്യത്യാസങ്ങളുണ്ട്. യൂറോപ്യൻ നാടുകളിലെ ആദ്യകാല എഴുത്തു പ്രതലങ്ങൾ codex ആയാണ്

രൂപപ്പെട്ട ത്തിയിരുന്നത്. എന്നാൽ ഭാരതത്തിലും മറ്റ് പശ്ചിമേഷ്യൻ നാട്ടുകളിലും codex ആയിരുന്നില്ല. codex എന്ന പദം മരപ്പട്ട (tree bark ) എന്ന അർത്ഥത്തിലുള്ള coudex എന്ന ലാറ്റിൻ പദത്തിൽ നിന്ന് രൂപം കൊണ്ടതാണ്. പ്രാചീന -മധ്യകാല ഘട്ടങ്ങളിൽ പാപ്പിറസ്, വെല്ലം, പേപ്പർ എന്നിവയിലെല്ലാം എഴുതപ്പെട്ട പുസ്തകങ്ങളെ codex എന്ന് വിളിച്ച പോന്നു .ഇത്തരം കോഡെക്സുകളെക്കുറിച്ച് സമഗ്രമായി പഠിക്കുന്ന - അവയുടെ ഘടന, ഉള്ളടക്കം, ലിപി ,ബൈന്റിങ്, അലങ്കാരപ്പണികൾ, തയ്യാറാക്കൽ തുടങ്ങിയവ - ശാസ്ത്ര ശാഖയാണ് കോഡിക്കോളജി [codicology).

ഹസ്തലിഖിതവിജ്ഞാനീയവും ഹസ്തലിഖിതങ്ങളക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ്. ഹസ്തലിഖിതവിജ്ഞാനീയമെന്ന പദത്തിൽ രണ്ട് താക്കോൽ വാക്കുകൾ ഉൾച്ചേർന്നിരിക്കുന്നു ഹസ്തലിഖിതം, വിജ്ഞാനീയം. ഇതിൽ ആദ്യത്തേത് കയ്യെഴുത്തെന്നും രണ്ടാമത്തേത് വിജ്ഞാന ശാഖയെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ ഈ പഠനശാഖകളുടെ പരിധിയിൽ വരുന്ന കയ്യെഴുത്തുകളെക്കുറിച്ച് അല്പം ചില കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്.

ഹസ്തലിഖിതം എന്ന പേർ സൂചിപ്പിക്കുന്നതുപോലെ കൈകൊണ്ട് ഏത് പ്രതലത്തിൽ എന്തെഴുതിയാലും അത് ഹസ്തലിഖിതത്തിന്റെ പരിധിയിൽ ഉൾപ്പെടും .മരത്തോല് ,താളിയോല , തടി , കളിമൺപ്രതലങ്ങൾ, മൃഗചർമം , കടലാസ് എന്നിവയെല്ലാം ആരംഭംമുതൽ ഇന്നുവരെ വ്യത്യസ്ത ഘട്ടങ്ങളിൽ വ്യത്യസ്ത സന്ദർഭങ്ങളിൽ ഉപയോഗിച്ചുപോന്നിട്ടുള്ള എഴുത്ത് പ്രതലങ്ങളാണ്. എന്നാൽ ഹസ്തലിഖിത വിജ്ഞാനീയത്തെ ഒരു പഠനശാഖ എന്ന നിലയിൽ പരിഗണിക്കുമ്പോൾ അത് കൈകാര്യം ചെയ്യുന്ന മേഖലയുടെ പരിധി വ്യക്തമായി നിർണയിക്കേണ്ടതുണ്ട്. പ്രാചീനകാലത്ത് ഉള്ളടക്കത്തിന്റെ പ്രാധാന്യം അനുസരിച്ചാണ് എഴുത്തിനുള്ള പ്രതലം നിശ്ചയിച്ചിരുന്നത് . വളരെക്കാലം നിലനിൽക്കേണ്ട രാജകീയ ശാസനങ്ങളും മറ്റും ധാരാളമായി

കാണുന്നത് എളുപ്പം നശിക്കാത്ത ശിലാപ്രതലത്തിലായതിനു കാരണം ഇതാണ്.എന്നാൽ ഇന്ന്പൊതുവേ കടലാസ്ആണ് ഏതുവിധത്തിലുള്ള എഴുത്തിനും പ്രധാനമായിട്ടുള്ളത്. ശാസന പഠനത്തെയും ഹസ്തലിഖിത വിജ്ഞാനീയത്തിന്റെപരിധിയിൽ ഉൾപ്പെടുത്താമെങ്കിലും അതിവിപുലമായ ഒരു പഠനശാഖ എന്ന നിലയിൽ വികസിച്ചിട്ടുള്ള ശിലാശാസന പഠനങ്ങളെ ഒഴിച്ചു നിർത്തിക്കൊണ്ട് താരതമ്യേന ഭാരം കുറഞ്ഞതും കൈകാര്യം ചെയ്യാൻ എളുപ്പമുള്ളതുമായ പ്രതലങ്ങളിലുള്ള എഴുത്തുകളാണ് ഹസ്ത ലിഖിത വിജ്ഞാനീ യത്തിന്റെപരിധിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലിപി പരിണാമത്തിന്റേയും എഴുത്തിന്റേയും ചരിത്രത്തിൽ ഒഴിവാക്കാനാവാത്ത ഏടുകളെന്ന നിലയിൽ ഈ രണ്ട് പഠനശാഖകൾ തമ്മിൽ കൊള്ളൽ കൊടുക്കലുകൾക്ക് തടസ്സവുമില്ല.

ഇന്ന് താളിയോല , മരത്തോൽ തുടങ്ങി കയ്യൊതുക്കമുള്ള പ്രതലങ്ങളിലെ എഴുത്തിനാണ് ഹസ്തലിഖിതവിജ്ഞാനീയം പ്രധാന പരിഗണന നൽകുന്നത്.പാശ്ചാത്യനാടുകളിൽ വികസിച്ചുവന്ന കോഡിക്കോളജിയ്ക്ക് സമാനമായ ഒരു ഒരു പഠനശാഖയാണ് ഹസ്തലിഖിത വിജ്ഞാനീയം എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ ഏതുതരം ഹസ്തലിഖിതങ്ങളാണ് ഇതിൻറെ പരിധിയിൽ വരുന്നതെന്നും സൂചിപ്പിച്ചു കഴിഞ്ഞു. എന്നാൽ ഹസ്തലിഖിത വിജ്ഞാനീയം എന്ന പഠന ശാഖയിൽ എഴുത്തുപകരണങ്ങൾ എഴുത്തിന് സഹായകമായ മഷി മുതലായ വസ്തുക്കൾ എഴുതാൻ ഉപയോഗിക്കുന്ന രീതി ഹസ്തലിഖിതങ്ങളുടെ ശേഖരണം സംരക്ഷണം എഡിറ്റിംഗ് തുടങ്ങിയവ ശാസ്ത്രീയമായി പഠിക്കുന്നു എന്നതാണ് ഇതിനെ വ്യത്യസ്തമാക്കുന്നത്. കൂടാതെ സംശോധിത സംസ്കരണം പോലെ കൂടുതൽ ഗവേഷണ സ്വഭാവം ആവശ്യപ്പെടുന്ന മേഖലകളെയും ഇത് ഉൾക്കൊള്ളുന്നു.

ഈ അക്കാദമിക് പഠനശാഖ ഇന്ത്യ ,ചൈന തുടങ്ങി പ്രാചീന സംസ്കാരങ്ങൾ രൂപം കൊണ്ടിരുന്ന ഇടങ്ങളിലാണ് രൂപംകൊണ്ടത്. ആദ്യകാലങ്ങളിൽ വാമൊഴിയിലൂടെയാണ് എല്ലാ വിജ്ഞാനവും കൈമാറ്റം ചെയ്തിരുന്നത്. നമ്മുടെ വേദങ്ങളും സംഹിതകളും പുരാണങ്ങളും ഇതിഹാസങ്ങളുമൊക്കെ തന്നെ വാമൊഴിയായാണ് രൂപംകൊണ്ടത് .എന്നാൽ പിൽക്കാലത്ത് എഴുത്തു വിദ്യയുടെ കടന്നുവരവോടുകൂടി ഇവയെല്ലാം രേഖപ്പെടുത്തി വയ്ക്കാൻ തുടങ്ങി. ഒരേ വിഷയം പല ആളുകൾ രേഖപ്പെടുത്തുമ്പോൾ പല പാഠഭേദങ്ങളും വ്യത്യസ്തവ്യാഖ്യാനങ്ങളും ഉണ്ടാകുന്നു. വ്യാഖ്യാനങ്ങളും വ്യാഖ്യാനങ്ങൾക്ക് വ്യാഖ്യാനങ്ങളും ഉണ്ടാകുമ്പോഴും വ്യത്യസ്തപതിപ്പുകൾ ഉണ്ടാകുമ്പോഴും പലപ്പോഴും കൃതികൾ കർത്തൃപാഠത്തിൽ നിന്ന് അകലാൻ തുടങ്ങി.ഇങ്ങനെ മൂലപാഠത്തിൽ നിന്നകന്ന ഗ്രന്ഥങ്ങളുടെ പാഠപുനഃസൃഷ്ടി ആവശ്യമായിത്തീർന്നു.ഇത് ഹസ്തലിഖിതവിജ്ഞാനീയ ത്തിന്റെ പരിധിയെ വിശാലവും ഗവേഷണാത്മക വുമാക്കിത്തീർക്കുന്നു.

## ഹസ്തലിഖിത വിജ്ഞാനീയം പഴയ ഏട് വായന

ഹസ്തലിഖിതവിജ്ഞാനത്തെ കുറിച്ചുള്ള ഏറ്റവും വലിയ അഭിനന്ദനവും ആക്ഷേപവും അത് പഴയ ഏട്ടു വായനയാണെന്നതാണ്. നാശോന്മുഖമോ നഷ്ടപ്രായമോ ആയ പഴയ ഏടുകളെ കണ്ടെടുത്ത് വായിച്ച് പ്രസാധനം ചെയ്യുക എന്ന ദുഷ്കരകർമ്മത്തിനുതുനിയുന്ന പഠനശാഖയെന്ന പ്രശംസയും പുതിയതൊന്നും അറിയാതെ പഴമയിൽമാത്രം അഭിരമിക്കുന്ന ഓല വായനശാഖയെന്ന നിന്ദയുംപലപ്പോഴും ഈ വിജ്ഞാനശാഖ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. എന്നാൽ കേവലം ഭൂതകാലരതിയോ ഏടുകളുടെപ്രസാധനമോ മാത്രമല്ല ഇതിന്റെ മേഖലയെന്നും ഏടുവായനയും ഭൂതകാലാഭിമുഖ്യവും ഈ

പഠന ശാഖയിലെ ഒഴിവാക്കാനാവാത്ത ഒരു തലം മാത്രം ആണെന്ന തിരിച്ചറിവാണ് അക്കാദമിക് സമൂഹത്തിന് ഉണ്ടാകേണ്ടത്.

## ഹസ്തലിഖിതവിജ്ഞാനീയം – പ്രാധാന്യവും പ്രസക്തിയും

ഇന്ത്യൻ താളിയോല ശേഖരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഉള്ള വിജ്ഞാനങ്ങളുടെ ബൗദ്ധികവും ആത്മീയവുമായ മൂല്യത്തെക്കുറിച്ച് ലൂയി റെനോ മുതലായ ഫ്രഞ്ച് ഇൻഡോളജി സ്റ്റുകൾ പേർത്തും പേർത്തും സൂചിപ്പിച്ചിട്ടുണ്ട് .എന്നാൽ നമ്മൾ നമ്മളുടെ ഈ പൈതൃകത്തെ വേണ്ടവണ്ണം തിരിച്ചറിഞ്ഞിട്ടുണ്ടോ എന്നുള്ളത് വളരെ സംശയമാണ്.ഹസ്തലിഖിതങ്ങളുടെ ശേഖരണം, സംരക്ഷണം, പരിചരണം തുടങ്ങിയ ഘട്ടങ്ങളിലൊക്കെ തന്നെ ഭൗതികശാസ്ത്രം ജീവശാസ്ത്രം തുടങ്ങിയ മേഖലകളിലെ അറിവുകൾ പ്രയോജനപ്പെടുത്തേണ്ടതായി വരും. ഇവ ശേഖരിച്ച് സംരക്ഷിച്ച് പഠന ഗവേഷണങ്ങൾക്കായി കൊടുക്കേണ്ടി വരുമ്പോൾ ലൈബ്രറി സയൻസിന്റെ സാധ്യതകൾ സ്വീകരിക്കേണ്ടതായിവരും. അതുപോലെ സംശോധിത പതിപ്പുകളുംസാധാരണ പതിപ്പുകളും തയ്യാറാക്കുമ്പോൾ എഡിറ്റിങ്ങ് പ്രസാധനം എന്നിവസംബന്ധിച്ചിട്ടുള്ള പലതരത്തിലുള്ള അറിവുകളും ആവശ്യമായി വരുന്നു. അതുപോലെ ഹസ്തലിഖിതങ്ങൾ സൂക്ഷിക്കേണ്ടി വരുമ്പോൾ പരമ്പരാഗതവും ശാസ്ത്രീയവും നൂതനവുമായ അറിവുകൾ ആവശ്യാനുസരണം ഉപയോഗിക്കേണ്ടതായി വരും. ഡിജിറ്റൈസേഷനും മറ്റു ആധുനികസാങ്കേതികവിദ്യകൾ ആവശ്യമായി വരുന്നു .ഇങ്ങനെ വ്യത്യസ്തങ്ങളായ വിഷയങ്ങളുമായി കണ്ണി ചേർന്നിരിക്കുന്നു എന്നുള്ളതുകൊണ്ട് തന്നെ മൾട്ടി ഡിസിപ്ലിനറി ആയ ഒരു വിജ്ഞാനശാഖയാണിത്. സംസ്കാരം, പൈതൃകം, ചരിത്രം, എന്നിങ്ങനെ സമസ്ത വിജ്ഞാന ശാഖകൾക്കും ആശ്രയിക്കാവുന്ന വിപുലമായ വിജ്ഞാനശേഖരം ഹസ്തലിഖിതങ്ങളിലുണ്ട്.

ലിപിപഠനത്തിൽ ഹസ്തലിഖിതങ്ങൾക്ക് വളരെയധികം പങ്കുവഹിക്കാനുണ്ട് സൈന്ധവ ലിപിയും ബ്രാഹ്മിയും ഇടയിലുള്ള കണ്ണികൾ കണ്ടെത്തുവാൻ നമുക്ക് ഇന്നവരെ സാധിച്ചിട്ടില്ല . അതിന് ഒരു പ്രധാന കാരണം ആ കാലഘട്ടത്തിലെ ഹസ്തലിഖിതങ്ങൾ നമുക്ക് ലഭ്യമല്ലാത്തതു തന്നെയാണ്. പ്രാചീന കാലം മുതൽ ഇങ്ങോട്ട് ഓരോ ലിപിയും കടന്നുവന്ന പരിണാമ വഴികളെക്കുറിച്ചുള്ള സൂക്ഷ്മ പഠനത്തിനാവശ്യമായ ഉപാദാനങ്ങൾ ഹസ്തലിഖിതങ്ങളിൽ നിന്നും കണ്ടെത്താൻ കഴിയും. ഭാഷയുടെ ഉത്ഭവ വികാസപരിണാമങ്ങളെക്കുറിച്ചുള്ള വിലപ്പെട്ട തെളിവുനൽകാൻ ഹസ്തലിഖിത ങ്ങളിലെ ഭാഷാമാതൃകകൾക്ക് സാധിക്കും. മാത്രമല്ല ഭാഷാശാസ്ത്രം, വ്യാകരണം എന്നീ മേഖലകളിലെ പഠന ഗവേഷണങ്ങൾക്കാവശ്യമായപദ വാക്യ വർണ അർത്ഥ തലങ്ങളിലെ പരിണാമങ്ങൾ പഠിക്കുന്നതിനാവശ്യമായ തെളിവുകളും ഹസ്ത ലിഖിതങ്ങളിലുണ്ട്. ഹസ്തലിഖിതങ്ങളിലുള്ളടക്കം ചെയ്തിട്ടുള്ള വിജ്ഞാനശാഖകൾ എടുത്തു പരിശോധിച്ചാൽ നമ്മുടെ പ്രാചീനങ്ങളായ ഗണിത ശാസ്ത്ര ഗ്രന്ഥങ്ങൾ,വാസ്തു ശാസ്ത്ര ഗ്രന്ഥങ്ങൾ ആയുർവേദം മറ്റ് തദ്ദേശീയ വിജ്ഞാനങ്ങൾ മുതലായവ നൽകുന്ന സംഭാവനകൾ വളരെ വലുതാണ്. ഡോക്ടർ രാധാ കുമുദ്മുഖർജിയെ പോലുള്ളവർക്ക് ചന്ദ്രഗുപ്തമൗര്യൻ ആന്റ് ഹിസ് ഏജ് എന്ന പുസ്തകം എഴുതാൻ സഹായകമായത് ആയത് അർത്ഥ ശാസ്ത്രത്തിന് മലയാളത്തിലുണ്ടായ വിവർത്തനമായ ഭാഷാകൗടലീയമാണ്. ജൈവവസ്തുക്കൾ ആയ കടുക്ക അമരി മുതലായവഉപയോഗിച്ച് വസ്ത്രങ്ങൾ ചായം മുക്കുന്ന്നതിനെക്കുറിച്ച് പറയുന്ന ചായം മുക്കൽ എന്ന ഗ്രന്ഥം മലയാള സർവകലാശാലാ ഗ്രന്ഥശേഖരത്തിൽ ഉണ്ട് ഹെർബൽ വസ്ത്രങ്ങളും ചായവും ഫാഷൻ പ്രതീകവും ആയുർ വസ്ത്രങ്ങൾ വൈദ്യശാസ്ത്ര കണ്ടുപിടിത്തവും ആകുന്ന സമകാലത്തിനുതകുന്ന തദ്ദേശീയമായ വിജ്ഞാനം പ്രദാനം ചെയ്യാൻ ഈ ഗ്രന്ഥത്തിന് കഴിയും. അതുപോലെ തന്നെ സുപ്രധാനമായ മറ്റൊരു ഗ്രന്ഥമാണ്

ചിത്ര രാമായണം . കേരള ചിത്രകലാ പൈതൃകത്തിന്റ വേരുകൾ കണ്ടെത്തുന്നതിനു സഹായകമായ അമൂല്യമായ ഈ താളിയോല ചിത്ര ഗ്രന്ഥം പതിനഞ്ചാം നൂറ്റാണ്ടിലാണ്രചിക്കപ്പെട്ടത്. കേരള സർവകലാശാല 1997 ഈ കൃതി പ്രസിദ്ധീകരിച്ചു. നോക്കുമ്പോൾ, തദ്ദേശീയ, നാട്ടറിവുകൾ, ഭാഷ, സാഹിത്യം, ലിപി എന്നിവയെക്കുറിച്ചുള്ള പഠനത്തിന് ആവശ്യമായ ഉപാദാനങ്ങൾ പ്രധാനം ചെയ്യാൻ ഹസ്തലിഖിതവിജ്ഞാനയത്തിന് സാധിക്കുന്നു. അങ്ങനെ ഇത് ഇന്നും ഏറ്റവും പ്രസക്തവും പ്രധാനവുമായ ഒരു വിജ്ഞാനശാഖ ആയിത്തീരുന്നു.

സംസ്കാരപൈതൃക പഠനം എന്ന എന്ന ആധുനികാനന്തര വിജ്ഞാന പദ്ധതിയിൽ ഹസ്തലിഖിത വിജ്ഞാനീയത്തിന് വളരെയധികം പ്രാധാന്യമുണ്ട്. പൈതൃകം ബാഹ്യ രൂപങ്ങളിലോസ്ഥാവര വസ്തുക്കളിലോ ഉള്ളടക്കം ചെയ്തിട്ടുള്ളതല്ല.ഒരു സാംസ്കാരിക പ്രക്രിയയുടെ തുടർച്ചയിലാണ് അതിന്റെമൂല്യവും അർത്ഥവും രൂപംകൊള്ളുന്നത് .അത് ഭൂതകാലത്തിൽ രൂപം കൊണ്ട് വർത്തമാനകാലത്തിൽ പ്രയോഗസാധുത കൈവരിച്ച് ഭാവിയിലേക്ക് കണ്ണി ചേർക്കപ്പെടുന്ന വസ്തുവോ വസ്തുതയോ മൂല്യമോ ആണ്. ഹസ്തലിഖിത ങ്ങളുടെ രൂപപ്പെടുത്തലിൽ പ്രയോഗിക്കപ്പെടുന്ന തദ്ദേശീയവിജ്ഞാനങ്ങളും സംസ്കാര പൈതൃകത്തിന്റെപരിധിയിൽ പെടുന്നുന്നു. ഹസ്തലിഖിത വിജ്ഞാന ത്തിനത്തിന്റെ പരിധിയിൽ വരുന്ന ഭാഷ, വിജ്ഞാനം, സാഹിത്യം ഇവ സംബന്ധമായ എല്ലാ പഠനങ്ങളും ആത്യന്തികമായി സംസ്കാര പൈതൃക പഠനത്തിൽ കണ്ണി ചേർക്കപ്പെടുന്നവയാണ്.ഇങ്ങനെ ഹസ്തലിഖിത വിജ്ഞാനീയം സംസ്കാരപൈതൃകപഠനത്തിലും പ്രധാനവും പ്രസക്തവും ആയിത്തീരുന്നു.

## ഗ്രന്ഥസൂചി

- Smith,Lauranjane,.2007:Cultural Heritage Critical Concepts in Media and Cultural Studies,Vol.1.Routledge.
- Vijayan,K,1997:Chithraramayanam,Palm leaf Pictures,University of Kerala,Thiruvananthapuram.
- Vislakshy,P,2002: Fundamentals of Manuscriptology,DLA, Thiruvananthapuram.
- സജിന,ജി,2016:ചായംമുക്കൽ,മലയാളസർവകലാശാലാജേർണൽ,തിരൂർ.


**അസി.പ്രൊഫസർ, പൈതൃക പഠനവിഭാഗം, മലയാളസർവ്വകലാശാല**